# ഖുർആൻ ഒരത്ഭുതം

ഡോ. എ.ഐ. റഹ്മത്തുല്ല

മിത്രങ്ങൾക്കും അനുയായി കൾക്കും പാടാനും ആസ്വദിക്കാനും കഴിയുന്ന ഈ ഖുർആന് മനുഷ്യസ മൂഹത്തിന്റെ യാതൊരു ഭാഷയ്ക്കു മില്ലാത്ത ഒരു ഭാഷാശൈലിയാണു ള്ളത്. ഗദ്യവുമല്ല, പദ്യവുമല്ല. വൃത്ത മില്ല, പ്രാസവുമില്ല. എന്നാൽ, ഉത്ത രാധുനികമെന്ന പോലെ എല്ലാമുണ്ട്. ഗദ്യമുണ്ട്, പദ്യമുണ്ട്, കവിതയുണ്ട്, കഥയുണ്ട്, പാട്ടുണ്ട്, പ്രാസമുണ്ട്, ആഖ്യാനവും നോവലും നാടകവു മെല്ലാമുണ്ട്. പഠനവും ചർച്ചയുമു ണ്ട്. തലക്കെട്ടുകൾ വളരെ ചെറുത്. ഏറ്റവും അത്യന്താധുനികം. അധ്യാ യങ്ങൾ വളരെ ചെറുതും വലുതുമെ ല്ലാമുണ്ട്. എല്ലാം മനോഹരമായി സമന്വയിപ്പിച്ചിരിക്കുന്നു! അനുകരി ക്കുക അസാധ്യമായ സമ്മിശ്ര ശൈലി! മിത്രങ്ങൾക്ക് കരളിൽ കുളിരു കോരിയിടുന്ന വചനപീ യൂഷം! കാരുണ്യാനുഭൂതി പ്രസരിപ്പി ക്കുന്ന വാഗ്പ്രയോഗങ്ങൾ! എത്ര കേട്ടിരുന്നാലും മതിവരാത്ത താളല യങ്ങളുടെ രാഗം.

ലോകത്ത് ലക്ഷോപലക്ഷം ഗ്രന്ഥങ്ങളുണ്ട്; ധാരാളം ഭാഷകളും. പലതും ലോകഭാഷകൾ. എല്ലാ ഭാഷകളിലും കണക്കറ്റ ഗ്രന്ഥങ്ങൾ. ഈ ഗ്രന്ഥങ്ങളിൽ ലോകവ്യാപകമായി ഏറ്റവുമധികം പാരായണം ചെയ്യപ്പെടുന്ന ഗ്രന്ഥമാണ് വിശുദ്ധഖുർആൻ. ഈ അറബി ഗ്രന്ഥം എല്ലാ ഭാഷക്കാരും സകല നാട്ടുകാരും വായിക്കുന്നു. ബൈബിൾ പോലുള്ള വേദ ഗ്രന്ഥങ്ങളും ലോകത്തെങ്ങും വ്യാപകമായി വായിക്കപ്പെടുന്നുണ്ടെങ്കിലും ഓരോ നാട്ടുകാരും അവരവരുടെ ഭാഷയിലാണത് വായിക്കുന്നത്. ബൈബിളിന്റെ മൂലഭാഷ ഇന്ന് മൃതാവസ്ഥയിലാണ്. ഭൂഗോളത്തിന്റെ നാനാ മുക്കുകളിൽ വസിക്കുന്ന വിവിധ സമൂഹങ്ങളിൽ ഈ ഗ്രന്ഥം -ഖുർആൻ- അറബിഭാഷയിൽതന്നെ ഹൃദിസ്ഥമാക്കിയവർ ആയിരക്കണക്കിലുണ്ട്. നിത്യവും പ്രഭാതപ്രദോഷങ്ങളിൽ അവരത് ഉരുവിട്ടുകൊണ്ടിരിക്കുന്നു. ലോകത്ത് ഏറ്റവുമധികം ജനങ്ങളാൽ മനഃപാഠമാക്കപ്പെട്ട ഗ്രന്ഥവും ഇതുതന്നെ. ഏറ്റവുമധികം വാദകോലാഹലങ്ങൾ നടക്കുന്നതും ഇതിനെപ്പറ്റിത്തന്നെ. ഖുർആൻ എന്ന ഗ്രന്ഥത്തെക്കുറിച്ച് കേൾക്കാനിടയാവാത്ത ഒരു മനുഷ്യനെങ്കിലും ഭൂമുഖത്ത് ഉണ്ടാകാനിടയില്ല. ഒന്നുകിൽ ഖുർആൻ നൽകുന്ന സുമോഹനസുന്ദരവാഗ്ദാനങ്ങളിൽ വിസ്മയിച്ച് അവൻ നിൽക്കുന്നു; സ്വർഗീയാനുഭൂതികൾ നുകരാനുള്ള കൊതിയോടെ, ഖുർആൻ വരച്ചുകാട്ടുന്ന മാസ്മരികലോകത്തെത്താനുള്ള അതിയായ വെമ്പലോടെ. അല്ലെങ്കിലവർ ഖുർആനിലെ താക്കീതുകൾക്ക് മുമ്പിൽ ഭീതിതരായി നിൽക്കുന്നു, നരകീയജീവിതത്തിന്റെ ചിത്രീകരണങ്ങൾക്കു മുന്നിൽ നടുങ്ങുന്നു.


ഭൂമിയിൽ ജനിച്ചുകഴിഞ്ഞ ഒരു മനുഷ്യന്നും ഇനിയൊരിക്കലും ഇല്ലായ്മയിലേക്ക് രക്ഷപ്പെട്ടുകളയാനാവില്ല. മരണം ഒരു രംഗമാറ്റം മാത്രം. പുതിയ അരങ്ങേറ്റം എങ്ങനെ വേണമെന്ന് മനുഷ്യൻ സ്വയം നിർണയിക്കേണ്ടതുണ്ട്, രണ്ടിലൊന്ന് തെരഞ്ഞെടുക്കേണ്ടതുണ്ട്. ഇതൊരു ശാസനമാണ്. അവഗണിക്കാനാവാത്ത ഈ അന്ത്യശാസനം ഓരോ മനുഷ്യന്റെയും ചെവികളിലേക്ക് സ്വയം കടന്നുചെല്ലുന്നതാക്കാൻ ഖുർആന് കഴിയുന്നു. മനുഷ്യബുദ്ധികളിൽ ഈ ഗ്രന്ഥം പ്രകമ്പനമുണ്ടാക്കുന്നു, ചിന്തയെ തട്ടിയുണർത്തുന്നു. വീക്ഷണവൈവിധ്യങ്ങൾക്കത് ഹേതുവാകുന്നു.

ഈ ഖുർആൻ ഒരു ചെറിയ ഗ്രന്ഥം. എഴുപത്തേഴായിരത്തിലധികം വാക്കുകൾ മാത്രമടങ്ങുന്ന ഗ്രന്ഥം. പക്ഷേ, ഈ ഗ്രന്ഥം ഒരു മഹാത്ഭുതമാണ്. വായിക്കുന്ന ആരെയും അത് പിടികൂടും, പിടിച്ചുകുലുക്കും. ഒന്നുകിൽ അംഗീകരിക്കുക, അല്ലെങ്കിൽ നിഷേധിക്കുക. മനുഷ്യസമൂഹത്തിൽ ഓരോരുത്തന്റെയും മുമ്പിലേക്ക് ഇത്രയും ശക്തമായി സ്വയം കടന്നുവരുന്ന ഈ ഖുർആൻ ധാരാളം പേരെ മിത്രങ്ങളും അനുയായികളുമാക്കുന്നു. വളരെയധികം ശത്രുക്കളെയും സൃഷ്ടിക്കുന്നു. മിത്രങ്ങൾക്കും അനുയായികൾക്കും പാടാനും ആസ്വദിക്കാനും കഴിയുന്ന ഈ ഖുർആന് മനുഷ്യസമൂഹത്തിന്റെ യാതൊരു ഭാഷയ്ക്കുമില്ലാത്ത ഒരു ഭാഷാശൈലിയാണുള്ളത്. ഗദ്യവുമല്ല, പദ്യവുമല്ല. വൃത്തമില്ല, പ്രാസവുമില്ല. എന്നാൽ, ഉത്തരാധുനികമെന്ന പോലെ എല്ലാമുണ്ട്. ഗദ്യമുണ്ട്, പദ്യമുണ്ട്, കവിതയുണ്ട്, കഥയുണ്ട്, പാട്ടുണ്ട്, പ്രാസമുണ്ട്, ആഖ്യാനവും നോവലും നാടകവുമെല്ലാമുണ്ട്. പഠനവും ചർച്ചയുമുണ്ട്. തലക്കെട്ടുകൾ വളരെ ചെറുത്. ഏറ്റവും അത്യന്താധുനികം. അധ്യായങ്ങൾ വളരെ ചെറുതും വലുതുമെല്ലാമുണ്ട്. എല്ലാം മനോഹരമായി സമന്വയിപ്പിച്ചിരിക്കുന്നു! അനുകരിക്കുക അസാധ്യമായ സമ്മിശ്രശൈലി! മിത്രങ്ങൾക്ക് കരളിൽ കുളിരു കോരിയിടുന്ന വചനപീയൂഷം! കാരുണ്യാനുഭൂതി പ്രസരിപ്പിക്കുന്ന വാഗ്പ്രയോഗങ്ങൾ! എത്ര കേട്ടിരുന്നാലും മതിവരാത്ത താളലയങ്ങളുടെ രാഗം.

ഈ ഗ്രന്ഥം സ്വന്തം വാദമുഖങ്ങളെ ചോദ്യംചെയ്യാൻ മനുഷ്യനോടാവശ്യപ്പെടുന്നു. ബുദ്ധിപരമായി സംവദിക്കാൻ തയാറാവാതെ അംഗീകരിക്കാൻ വരുന്നവനെ ഈ ഗ്രന്ഥം

വിഡ്ഢിയായി കാണുന്നു: "തങ്ങളുടെ രക്ഷിതാവിന്റെ (ദൈവത്തിന്റെ) വചനങ്ങൾ കേൾപ്പിക്കപ്പെട്ടാൽ അന്ധ മായും ബധിരമായും അതിന്മേൽ മുട്ടുകുത്തിവീഴുന്നവ രല്ല വിശ്വാസികൾ" (അൽഫുർഖാൻ: 73).

സ്വന്തം വീക്ഷണങ്ങളെയും സിദ്ധാന്തങ്ങളെയും അവിശ്വസിക്കാനും എതിർക്കാനുമുള്ള സ്വാതന്ത്ര്യം മനു ഷ്യന് വകവച്ചുകൊടുക്കുന്നു, ഈ ഗ്രന്ഥം. അതിന്റെ പേരിൽ, മനുഷ്യൻ വിശ്വസിക്കുന്ന ഈ ഭൗതികജീവിത ത്തിൽ അവന്റെ യാതൊരു അവകാശവും നിഷേധിക്കപ്പെ ടില്ലായെന്ന് ഉറപ്പുനൽകുന്നു. പരലോകത്താണ് പ്രശ്നം. അതിൽ അവിശ്വസിക്കുന്നവർക്ക് അത് പ്രശ്നമാവുന്നുമി ല്ലല്ലോ. എത്ര ഉന്നതമായ സമീപനം! എത്ര ഉദാത്തമായ നിലപാട്! വാഗ്വാദം നടത്തി അവിശ്വസിക്കുന്നവർക്ക്, കള വാക്കി തള്ളിക്കളയുന്നവർക്ക് നീതിയും രക്ഷയും ഭക്ഷ ണവും വസ്ത്രവും പാർപ്പിടവും സ്വാതന്ത്ര്യവും അവർ വിശ്വസിക്കുന്ന ഈ ഭൗതികജീവിതത്തിൽ നൽകിയെ ങ്കിലേ വിശ്വാസികൾക്ക് പരലോകത്ത് അനശ്വരസ്വർഗം ലഭ്യമാവൂ എന്ന് സമർഥിക്കുന്നു, ഈ ഗ്രന്ഥം.



**വായിക്കുന്നവന്നും കേൾക്കുന്നവന്നും എന്നും പുതിയ ഒരാശയം ആ വചനങ്ങളിൽനിന്ന് ലഭിക്കുന്നു. മനസ്സിനും ബുദ്ധിക്കും സംതൃപ്തി നൽകുന്ന ആശയങ്ങൾ; വൈരുധ്യങ്ങളാവുന്നില്ല. മറ്റു വഴിയിൽ മനുഷ്യൻ എന്തെല്ലാം വിജ്ഞാനങ്ങൾ ആർജിക്കുന്നുവോ, അതിനനുസൃതമായി ഈ ഖുർആനികാശയങ്ങൾക്ക് തിളക്കംകൂടുന്നു**

രചയിതാവില്ലാത്ത ഗ്രന്ഥം! ഇത്തരത്തിൽ ലോകത്തെ ഏക ഗ്രന്ഥം! ഈ ഗ്രന്ഥത്തിന്റെ രചയിതാവ് സാക്ഷാൽ ദൈവം തന്നെ. ഈ ഗ്രന്ഥത്തിന്റെ ഏറ്റവും ശക്തമായ അവകാശവാദവും അതുതന്നെ. ദൈവത്തിൽനിന്ന്, അത്യുന്നതനും പ്രതാപശാലിയും സർവജ്ഞനും കരുണാമയനും സ്രഷ്ടാവും പരിപാലകനും സംഹാരകനുമെല്ലാമായ ദൈവത്തിൽനിന്ന് അവതീർണമായ ഗ്രന്ഥം. മുഴുവൻ മനുഷ്യരാശിക്കു മായുള്ള സന്ദേശങ്ങളടങ്ങുന്ന ഗ്രന്ഥം. ദൈവത്തിന്റെ അവസാനത്തെ ദൂതനായ മുഹമ്മദ് നബിയിലേക്ക് മാലാഖ മുഖേന അവതീർണമായ ഗ്രന്ഥം. ഇതാണ് ഖുർആന്റെ അവകാശവാദം. ഈ ഗ്രന്ഥത്തിന്റെ വേരു കൾ അന്വേഷിച്ചുപോയാൽ ഗ്രന്ഥമെന്താണെന്നറിഞ്ഞിരുന്നിട്ടില്ലാത്ത ഒരു സമൂഹത്തിൽ, കടലാസില്ലാത്ത ഒരു കാലഘട്ടത്തിൽ എത്തുന്നു. എഴുത്തും വായനയും തന്നെ നന്നേ വിരളമായിരുന്ന ഒരു ജനതയിൽ; വിജ്ഞാനം ഒട്ടും തന്നെ പരിഗണനീയമല്ലാതിരുന്ന, പോരും പെണ്ണും പാനവും മാത്രം ജീവിതരീതിയാക്കിയിരുന്ന ഒരു സമൂഹത്തിൽ. അജ്ഞതയുടെ അന്ധകാരയുഗത്തിൽ ജനിച്ചുവളർന്ന മുഹമ്മദ് നബി യിലാണ് ഈ ഗ്രന്ഥത്തിന്റെ പഴമ തേടിച്ചെന്നാലെത്തുന്നത്.

മൃദുലപാളികളിൽ ഉല്ലേഖനം ചെയ്ത് പ്രസിദ്ധീകരിക്കപ്പെടുന്ന ഗ്രന്ഥം. "ത്വൂർമലയാണ, വരികളായി എഴുതപ്പെട്ട ഗ്രന്ഥം; മൃദുലതാളു കളിൽ പ്രസിദ്ധീകരിക്കപ്പെട്ടത്" (അത്ത്വൂർ: 1,2,3) എന്ന് സ്വയം ഉദ്ഘോ ഷിക്കുകയായിരുന്നു ഈ ഗ്രന്ഥം. ഇതിന്റെ വാഹകനായ മുഹമ്മദ് നബി, കടലാസുപാളികളോ അഭ്രപാളികളോ കമ്പ്യൂട്ടർഫ്ളോപ്പികളോ ഇല്ലാതിരുന്ന കാലത്ത് ഈ വചനങ്ങൾ അപ്പാടെ ജനങ്ങളുടെ സന്നിധി യിലെത്തിച്ച് പ്രമാണമാക്കി തന്റെ ദൗത്യം പൂർത്തിയാക്കി. വിശ്വ സ്തനും സത്യസന്ധനുമായ ദൂതൻ. അദ്ദേഹം ഗ്രന്ഥത്തിന്റെ കോപ്പി റൈറ്റ് അവകാശപ്പെട്ടില്ല. അദ്ദേഹത്തിനത് സാധിക്കുമായിരുന്നില്ല. അദ്ദേഹത്തിന്റെ കഴിവുകൾക്കും സാധ്യതകൾക്കുമെത്രയോ ഉപരിയാ യിരുന്നു ഈ ഗ്രന്ഥം!

ഈ ഗ്രന്ഥം അതിന്റെ വാഹകനായ മുഹമ്മദ് നബിയോട് തന്നെ ആജ്ഞാപിച്ചു: നീ നാവിട്ടടിക്കേണ്ട. ഇത് ജനങ്ങൾക്ക് ഓതിക്കേൾപ്പി ച്ചാൽമതി. അത് പിന്നീട് വേണ്ടപോലെ നാം വിശദീകരിച്ചുകൊള്ളും: "നീ ഖുർആൻകൊണ്ട് ധൃതിപ്പെട്ട് നിന്റെ നാവിട്ടടിക്കേണ്ടതില്ല; അതിന്റെ സമാഹരണവും പാഠാവലിയും നമ്മുടെ ബാധ്യതയാണ്. നാം അതിനെ പാരായണം ചെയ്തുതരുമ്പോൾ നീ അത് ഏറ്റു പാരായണം ചെയ്താൽ മതി. അതിന്റെ (ആശയങ്ങൾ) വ്യക്തമാക്കൽ നാം പിന്നീട് നിർവഹിച്ചുകൊള്ളും" (അൽഖിയാമഃ 16-19). അറ്റമില്ലാതെ പരന്നുകിടന്ന അറേബ്യൻമരുഭൂമിയുടെ ഒരു മൂലയിൽ, ഹിജാസിലെ മക്കയിൽ, അബ്രഹാമിന്റെ അത്ഭുതനീരുറവയായ സംസം എന്ന ഏക ജലസ്രോതസ്സിനു ചുറ്റുമായി പരസ്പരം പോരടിച്ച് കഴിഞ്ഞുകൂടിയി രുന്ന ഗോത്രസമൂഹങ്ങളിൽ ജനിച്ചുവളർന്ന മുഹമ്മദ് നബിക്ക് സ്വന്തം നിലയിൽ അതൊരിക്കലും കഴിയുമായിരുന്നില്ല.

അന്നേവരെ മനുഷ്യവംശത്തിന് ചിന്തിക്കാൻപോലും കഴിഞ്ഞി ട്ടില്ലാത്ത എന്തെല്ലാം വിഷയങ്ങൾ ഖുർആൻ പരാമർശിക്കുന്നു! സസ്യ ങ്ങളിലും ചെടികളിലും ലിംഗവൈരുധ്യമുണ്ട്. അവയുടെ പരസ്പരസ ങ്കലനം വഴി വംശവർധനവുണ്ടാവുന്നു. സസ്യങ്ങളെക്കുറിച്ച് ഖുർആൻ പരാമർശിക്കുന്നിടത്തെല്ലാം അവയെ ഇണകളായി മുളപ്പിച്ചതിനെക്കു റിച്ച് പരാമർശിക്കുന്നതായി കാണാം. ഉദാ: "അവർ ഭൂമിയിലേക്ക് നോക്കിയില്ലേ, എത്രയെത്രയിനം വിശിഷ്ട സസ്യ ഇണകളെയാണ് നാം അതിൽ മുളപ്പിച്ചിരിക്കുന്നത്" (അശ്ശുഅറാഅ്: 7).

"നിങ്ങൾക്ക് കാണാൻ കഴിയുന്ന തൂണുകൾ ഇല്ലാതെ ഉപരിമ ണ്ഡലങ്ങളെ അവൻ സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെയുമായി ഇളകാതിരി ക്കാനായി ഭൂമിയിൽ അവൻ പർവതങ്ങളെ സ്ഥാപിച്ചിരിക്കുന്നു. എല്ലാ യിനം ജന്തുജാലങ്ങളെയും അവൻ അതിൽ വിന്യസിക്കുകയും ചെയ്തിരിക്കുന്നു. ഉപരിമണ്ഡലത്തിൽനിന്ന് നാം വെള്ളമിറക്കുകയും വിശിഷ്ട സസ്യയിനങ്ങളെയെല്ലാം നാം ഭൂമിയിൽ മുളപ്പിക്കുകയും ചെയ്തു" (ലുഖ്മാൻ: 10), "ഭൂമിയെ നാം പരത്തുകയും കനത്ത പർവത ങ്ങൾ അതിൽ സ്ഥാപിക്കുകയും കൗതുകമുള്ള സസ്യഇണകളെ യെല്ലാം അതിൽ മുളപ്പിക്കുകയും ചെയ്തു" (ഖാഫ്: 7), "........... നാം മഴ പെയ്യിച്ചാൽ വരണ്ട ഭൂമി ഉണർന്ന് വികസിച്ച് കൗതുകമുള്ള പലതരം സസ്യഇണകളെ മുളപ്പിക്കുകയും ചെയ്യുന്നു" (അൽഹജ്ജ്: 5)

മനുഷ്യരടക്കമുള്ള ജന്തുജീവികളെല്ലാം വിരുദ്ധലിംഗ ഇണകളാ ണ്. സസ്യജന്തുവർഗങ്ങളല്ലാത്ത പല സംവിധാനങ്ങളും ഇതുപോലെ ഇണകളാണ്: "ഭൂമി മുളപ്പിക്കുന്ന എല്ലാറ്റിനെയും മനുഷ്യരെയും അവർക്കറിഞ്ഞുകൂടാത്ത മറ്റു പലതിനെയും ഇണകളാക്കി സൃഷ്ടിച്ച വൻ എത്ര വാഴ്ത്തപ്പെടേണ്ടവൻ" (യാസീൻ: 36).

കുഞ്ഞുങ്ങളുടെ നിദാനം പുരുഷബീജങ്ങൾ മാത്രമല്ല, സ്ത്രീകൾക്കും തുല്യപങ്കുണ്ട്. ജീവന്റെ ഉൽപത്തി വെള്ളത്തിൽനിന്നാ ണ്. "നിഷേധികൾ കണ്ടില്ലേ, ഉപരിമണ്ഡലങ്ങളും ഭൂമിയുമെല്ലാമൊ ന്നിച്ച് ഒരു പിണ്ഡമായിരുന്നതും പിന്നീട് നാം അവയെ വേർപ്പെടുത്തിയ തുമാണെന്നും എല്ലാ ജൈവവസ്തുക്കളുടെയും ഉത്ഭവം നാം വെള്ളമാ ക്കിയതും. ഇനിയും അവർ വിശ്വസിക്കുന്നില്ലേ?" (അൽ അമ്പിയാഅ്: 30).

ജീവന്റെ ഉൽപത്തിയുടെ മാത്രമല്ല, അതിന്റെ നൈരന്തര്യ

ത്തിന്റെ അടിസ്ഥാനവും വെള്ളമാണ്. അഥവാ ഭൂമിയുടെ ഉപരിതലത്തിൽ സസ്യ-ജന്തുജാലങ്ങളുടെ ജീവൻ നിലനിൽക്കുന്നതിന്റെ രഹസ്യമതാണെന്നും ഈ അത്ഭുതദ്രാവകം സൃഷ്ടികർത്താവ് ഉപരിലോകത്തുനിന്ന് ഇറക്കുന്നതാണെന്നും അതിന്റെ വിതരണ-ക്രമീകരണങ്ങൾ പൂർണമായും അവന്റെ നിയന്ത്രണത്തിലാണെന്നും അതവൻ പിൻവലിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുമ്പോൾ ഭൂമി വരണ്ട് ചത്തുപോകുന്നത് മനുഷ്യന് കാണാമെന്നും വീണ്ടും വെള്ളമിറക്കുമ്പോൾ ഭൂമി തണുത്ത് കുളിർത്ത് ജീവൻവയ്ക്കുകയും അതിൽ സസ്യ-ജന്തുജാലങ്ങൾ വീണ്ടുമുണ്ടാവുകയും ചെയ്യുന്നതും കാണാനും പാഠമുൾക്കൊള്ളാനും ഖുർആൻ മനുഷ്യനോടാവശ്യപ്പെടുന്നു. ഖുർആനിലെ താഴെ വചനങ്ങൾ പരിശോധിക്കുക: 2:22, 6:99, 7:57, 14:32, 16:65, 20:53, 21:30, 22:5, 24:45, 25:54, 29:63, 30:24, 35:27.


മനുഷ്യോൽപത്തി മണ്ണിലെ ധാതുലവണങ്ങളും വെള്ളവും ചേർന്ന മിശ്രിതത്തിൽനിന്നാണ്: "കളിമണ്ണ് കലങ്ങിയോ ഉരുകിയോ മൃദുലമാവുമ്പോഴുള്ള ഹമഅ്. അതിൽ ധാതുലവണങ്ങൾ പാകമാക്കപ്പെടുന്നു. ഈ സ്വൽസ്വാൽകൊണ്ടാണ് മനുഷ്യനെ നാം സൃഷ്ടിച്ചത്" (അൽഹിജ്ർ: 26), "അവരെ നാം ഒട്ടുന്ന മണ്ണിൽനിന്ന് സൃഷ്ടിച്ചു" (അസ്സ്വാഫാത്ത്: 11), "സ്വൽസ്വാലി(വെള്ളം ചേർന്ന് കുഴമ്പായ കളിമണ്ണ്)ൽനിന്ന് കേവലം മൺപാത്രങ്ങളുണ്ടാക്കുന്നപോലെ (ലളിതമായി) അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചു" (അർറഹ്മാൻ: 14), "അല്ലാഹു മനുഷ്യന്റെ സൃഷ്ടിപ്പ് കളിമണ്ണിൽനിന്ന് തുടങ്ങി" (അസ്സജദഃ: 7), "അവൻ തന്നെയാണ് മനുഷ്യവംശത്തെ വെള്ളത്തിൽനിന്ന് സൃഷ്ടിച്ചത്" (അൽഫുർഖാൻ: 54). ഈ വചനങ്ങളിൽനിന്ന് നമുക്ക് മനസ്സിലാക്കാം, വെള്ളവും മണ്ണിലെ ധാതുലവണങ്ങളും ലോഹങ്ങളുമെല്ലാം ചേർന്ന ഒരു സംയോജിതസത്താണ് മനുഷ്യസൃഷ്ടിപ്പിന്റെ ആധാരമെന്ന്.

ഏകജൈവഘടകത്തിൽനിന്നാണ് ആണും പെണ്ണുമായുള്ള മുഴുവൻ മനുഷ്യവംശവും പെരുകിവന്നിട്ടുള്ളത്. "നിങ്ങളെ (മനുഷ്യരെ) അല്ലാഹു സൃഷ്ടിച്ചു; ഏകജൈവഘടക(ഉദാ: കോശമോ അതിലും ചെറുതോ ആയ ജീവന്റെ ഏറ്റവും ചെറിയ യൂനിറ്റ്)ത്തിൽനിന്ന്. പിന്നീട് അതിനെ പിളർത്തി അതിന്റെ ഇണയെ ഉണ്ടാക്കി. പിന്നീട് അല്ലാഹു എട്ടിനം കന്നുകാലി ഇണകളെ നിങ്ങൾക്കുവേണ്ടി സജ്ജമാക്കി. പിന്നീട് നിങ്ങളെ അല്ലാഹു നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. മൂന്നു തമോയുഗങ്ങളായി ഒന്നിനുശേഷം മറ്റൊന്നായുള്ള സൃഷ്ടിപ്പുഘട്ടങ്ങളാണിവ. അതാണ് നിങ്ങളുടെ രക്ഷിതാവായ അല്ലാഹു, അവന്നാണ് ആധിപത്യം. അവനല്ലാതെ വേറെ ദൈവമില്ല. അപ്പോൾ നിങ്ങളെങ്ങനെ വ്യതിചലിക്കപ്പെട്ടു?" (അസ്സുമർ: 6).

മനുഷ്യസൃഷ്ടിപ്പിന്റെ മുമ്പ് സുദീർഘങ്ങളായ മൂന്ന് അജ്ഞാത, അഥവാ ഇരുണ്ട യുഗങ്ങൾ കഴിഞ്ഞുപോയിട്ടുണ്ടെന്നും അവയിൽ ആദ്യത്തെ ഘട്ടത്തിലാണ് ഏകജൈവഘടകവും അത് പിളർന്ന് അതിന്റെ ഇണയുമുണ്ടായതെന്നും, രണ്ടാമത്തെ ഘട്ടത്തിൽ കന്നുകാലികൾ രൂപംകൊണ്ടതായും മൂന്നാമത്തെ ഘട്ടത്തിന്റെ അവസാനത്തോടെ മാതാക്കൾ പ്രസവിച്ച് വംശവർധനവുണ്ടാകുന്ന മനുഷ്യസമൂഹം നിലവിൽവന്നുവെന്നും മനസ്സിലാകുന്നു. ഇതിൽ ഒന്നാമത്തെ ഘട്ടത്തിൽ ഭൂഗോളം വേർപ്പെട്ട് ഒറ്റയ്ക്കായ അവസ്ഥയിലായിരുന്നിരിക്കില്ലായെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കാരണം, രണ്ടാമത്തെ ഘട്ടത്തിനു മുമ്പ് വേർപ്പെട്ട ഭൂഗോളത്തിലേക്ക് പിന്നീട് സൃഷ്ടികർത്താവ് എട്ടിനം കന്നുകാലികളെ ഇറക്കി (അൻസല) എന്നാണ് ഖുർആൻ സൂചിപ്പിക്കുന്നത്. മറ്റു ഗോളങ്ങളിൽ പലയിനം മൃഗങ്ങളും മനുഷ്യരുമുണ്ടാകാൻ സാധ്യതയുണ്ട്. മുഹമ്മദ് നബി തന്റെ അനുചരന്മാരിൽ ഇബ്നുഅബ്ബാസിനോട് ഇങ്ങനെ സൂചിപ്പിച്ചതായി നബിവചനമുണ്ടല്ലോ. ഏതായാലും സൃഷ്ടിപ്പിന്റെ ഈ ഘട്ടങ്ങളെക്കുറിച്ച് ഭൂമിയിൽ പഠന-പര്യവേക്ഷണങ്ങൾ നടത്തിയാൽതന്നെ മനസ്സിലാക്കാമെന്നാണ് ഖുർആൻ നിർദേശിക്കുന്നത് (29: 19,20).

സ്ത്രീ-പുരുഷ, അഥവാ അണ്ഡ-ബീജ സങ്കലനത്തിലൂടെയല്ലാതെ ഒരേ ശരീരത്തിൽനിന്നുതന്നെ വംശവർധനവുണ്ടാവുന്ന സംവിധാനവും സ്രഷ്ടാവ് ഏർപ്പെടുത്തിയിട്ടുണ്ട്. മനുഷ്യരിലും ഈ രീതി അസാധ്യമായതല്ല. ആദമിന്റെയും ഹവ്വായുടെയും ഈ രീതിയിലുള്ള സൃഷ്ടിക്ക് ഒരു പിൽക്കാലമാതൃകയാണ് യേശുവിന്റെ സൃഷ്ടി: "അല്ലാഹുവിന്റെയടുത്ത് ഈസായുടെ (സൃഷ്ടിപ്പിന്റെ) ഉദാഹരണം ആദമിന്റെ (സൃഷ്ടിപ്പ്) പോലെയാണ്. മണ്ണിൽനിന്ന് സൃഷ്ടിച്ചുകൊണ്ടുള്ള ദൈവിക ഇച്ഛ ഇറക്കി, അപ്പോൾ അതുണ്ടായി" (ആലുഇംറാൻ: 59). യേശു പിതാവില്ലാതെ, പുരുഷസ്പർശമേൽക്കാത്ത കന്യക പ്രസവിച്ച കുഞ്ഞ്.

ഇത്തരത്തിലുള്ള ധാരാളം സസ്യ-ജീവശാസ്ത്രവസ്തുതകൾ മുഹമ്മദ് നബിക്ക് വിവരിച്ചുകൊടുക്കാൻ പതിനാലുനൂറ്റാണ്ടുകൾക്കു



**മുതലാളിത്തവും സോഷ്യലിസവും അകപ്പെട്ട ഈ പ്രതിസന്ധിയിൽനിന്ന് ഒരു മോചനമാർഗം ഖുർആൻ വരച്ചുകാട്ടുന്നത് എത്ര അത്ഭുതകരം! ആധുനികസമ്പദ്ശാസ്ത്രത്തിന്റെ ബാലപാഠങ്ങൾ പോലും അറിഞ്ഞിരുന്നിട്ടില്ലാത്ത മുഹമ്മദ് നബിയുടെ കാലഘട്ടത്തിലെ ജനങ്ങൾക്കു മുമ്പിൽ ഖുർആൻ നിരത്തിവയ്ക്കുന്ന സാമ്പത്തികനിയമങ്ങൾ എത്ര ഉദാത്തം!**

മുമ്പ് മനുഷ്യസമൂഹത്തിൽ ഏതു ശാസ്ത്രജ്ഞനാണുണ്ടായിരുന്നത്? ഈ വസ്തുതകൾ ശരിയെന്നോ തെറ്റെന്നോ പറയാൻ ലോകത്താരാണുണ്ടായിരുന്നത്?

ഈ പ്രപഞ്ചം ഉത്ഭവത്തിൽ ഒരു പുകപടലം പോലെയായിരുന്നു: "സൃഷ്ടികർത്താവ് പിന്നീട് ഉപരിമണ്ഡലത്തിലേക്ക് തിരിഞ്ഞു. അതൊരു പുകയായിരുന്നു" (ഫുസ്സിലത്ത്: 11). ഇന്ന് കാണുന്ന നൂറായിരം ഗോളങ്ങളും ഗ്രഹങ്ങളും ഉപഗ്രഹങ്ങളും നക്ഷത്രസമൂഹങ്ങളുമെല്ലാമടങ്ങുന്ന ഈ ബ്രഹ്മാണ്ഡം തുടക്കത്തിൽ പരസ്പരം ഒട്ടിച്ചേർന്ന ഒരൊറ്റ ഏകകമായിരുന്നു: "ഉപരിമണ്ഡലങ്ങളും ഭൂമിയുമെല്ലാം പരസ്പരം ഒട്ടിച്ചേർന്ന അവസ്ഥയിലായിരുന്നു ആദ്യത്തിലെന്നും പിന്നീട് നാമവയെ വേർപ്പെടുത്തിയതാണെന്നും നിഷേധികൾക്ക് മനസ്സിലാക്കാനായില്ലേ?" (അൽഅമ്പിയാഅ്: 30).

ഭൂമിയെപ്പോലുള്ള വേറെയും ഗോളങ്ങളുണ്ട്. അവയ്ക്കിടയിൽ ഒരു നിശ്ചിത കൽപന പരസ്പരം ഇറങ്ങിക്കൊണ്ടിരിക്കുന്നതിനുള്ള സംവിധാനവുമുണ്ട്: "ഏഴ് ഉപരിമണ്ഡലങ്ങളെയും സൃഷ്ടിച്ചവൻ അല്ലാഹുവാകുന്നു. അവയെപ്പോലെ ഭൂമികളുമുണ്ട്. അവയ്ക്കിടയിൽ നിശ്ചിത കമാന്റ് (കൽപന) ഇറങ്ങിക്കൊണ്ടിരിക്കുന്നുമുണ്ട്; അല്ലാഹു എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാണെന്ന് നിങ്ങൾ അറിയാനാണിത്......" (അത്ത്വലാഖ്: 12).

ഭൂമിക്ക് മുകളിൽ ഏഴ് ഉപരിമണ്ഡലങ്ങളുണ്ട്: "തീർച്ചയായും നിങ്ങൾക്കു മീതെ നാം ഏഴ് പഥങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. സൃഷ്ടിപ്പിനെക്കുറിച്ച് നാം അശ്രദ്ധനായി തീർന്നിട്ടില്ല" (അത്ത്വലാഖ്: 12). ഈ ഭൂമിയിൽ മാത്രമല്ല ഇതര ഗോളങ്ങളിലും ജീവനുള്ള സൃഷ്ടികളുണ്ട്: "ഉപരിലോകങ്ങളും ഭൂമിയും സൃഷ്ടിച്ചതും അവ രണ്ടിലും ജീവജാലങ്ങളെ വ്യാപിപ്പിച്ചതും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. ഇവ(ഈ വ്യത്യസ്തഗോളങ്ങളിലുള്ളവ)യെ ഒന്നിച്ചുകൂട്ടാനും കഴിവുള്ളവനാണല്ലാഹു" (അശ്ശൂറാ: 29). മറ്റു ഗോളങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും അന്യോന്യം യാത്രചെയ്ത് ഒന്നിക്കാനുള്ള കാര്യത്തിലേക്കാണ് ഖുർആന്റെ ഈ സൂചനയെന്ന് മനസ്സിലാക്കാം. അല്ലാഹു ഇതിനായി നിശ്ചയിച്ച സമയമാവണമെന്നു മാത്രം.

ഭൗമികപദാർഥങ്ങൾകൊണ്ട് എന്ന പോലെ അഗ്നി, പ്രകാശം പോലുള്ള ഊർജങ്ങൾകൊണ്ടും ജീവികൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്: "അതിനു മുമ്പ് ജിന്നിനെ അത്യുഷ്ണമുള്ള അഗ്നിജ്വാലയിൽനിന്ന് നാം സൃഷ്ടിച്ചു" (അൽഹിജ്ർ: 27), "ജിന്നിനെ പുകയില്ലാത്ത തീജ്വാലയിൽനിന്ന് അല്ലാഹു സൃഷ്ടിച്ചു" (അർറഹ്മാൻ: 15).

സൂര്യന് നിശ്ചിതമായ ചലനപഥമുണ്ട്. ചന്ദ്രന് അനുക്രമമായ നിർണിതമണ്ഡലങ്ങളുണ്ട്. രാപ്പകലുകളുടെ മാറ്റങ്ങൾക്കും കാലഗണനയ്ക്കും സഹായകമാവുന്ന ഇവയ്ക്കോരോന്നിനും സുനിശ്ചിത സംവിധാനങ്ങളുണ്ട്. സൂര്യൻ ചന്ദ്രനെ ഗ്രസിക്കുകയില്ല. എല്ലാം ഒരേയൊരു വ്യവസ്ഥിതിക്കു വിധേയമാണ്. പരസ്പരം ഏറ്റുമുട്ടുന്നവയല്ല. സൂര്യനും ചന്ദ്രനും മാത്രമല്ല, ഈ ബ്രഹ്മാണ്ഡത്തിലെ സകലതും ചലിക്കുന്നു. എന്നല്ല, അവയെല്ലാം നീന്തിക്കൊണ്ടിരിക്കുകയാണ്: "സൂര്യൻ അതിന് നിർണയിച്ചുവച്ചിട്ടുള്ള പഥത്തിൽ ചലിച്ചുകൊണ്ടിരിക്കുന്നു. പ്രതാപശാലിയും സർവജ്ഞനുമായ അല്ലാഹുവിന്റെ നിർണയമാണത്. ചന്ദ്രന് നാം ചില ഘട്ടങ്ങൾ നിശ്ചയിച്ചിരിക്കുന്നു. പഴയ ഈന്തപ്പഴക്കുലത്തണ്ടുപോലെ വളഞ്ഞ് നേർത്ത ഒരു ഘട്ടം വരെ അതിൽപെടുന്നു. സൂര്യന് ചന്ദ്രനെ പിടിക്കേണ്ടതായിട്ടോ രാത്രിക്ക് പകലിനെ മുൻകടക്കേണ്ടതായിട്ടോ ഉള്ള ബാധ്യതകളൊന്നുമില്ല. എല്ലാ ഓരോന്നും അതതിന്റെ സംവിധാനത്തോടെ ഈ ബ്രഹ്മാണ്ഡത്തിൽ നീന്തിക്കൊണ്ടിരിക്കുകയാണ്" (യാസീൻ: 38-40).



**മാനവചരിത്രത്തിന്റെ പ്രയാണഗതി തന്നെ തിരിച്ചുവിടാൻ മുഹമ്മദ് നബിക്കായത് ഖുർആൻ അദ്ദേഹത്തെ ഏൽപിച്ച പ്രമാണങ്ങളുടെ മൗലികത കൊണ്ടായിരുന്നു. ഖുർആനുണ്ടായിരുന്നില്ലെങ്കിൽ മാനവസമൂഹത്തിൽ അദ്ദേഹത്തിന് ഒന്നും ചെയ്യാനാകുമായിരുന്നില്ല. ചരിത്രത്തിൽ അദ്ദേഹം ഒന്നുമല്ലാതാകുമായിരുന്നു!**

ഭൂമിക്ക് മുകളിലുള്ള ഉപരിമണ്ഡലങ്ങളിലേക്ക് മനുഷ്യന് പറന്നുയരാനാവും. അതിനുള്ള ഊർജതന്ത്രാധിത്യം അവൻ ആർജിക്കേണ്ടതുണ്ട്: "ജിന്നുകളുടെയും മനുഷ്യരുടെയും സമൂഹമേ, ഉപരിലോകമണ്ഡലങ്ങളുടെയും ഭൂമിയുടെയും മേഖലകൾക്കപ്പുറത്തേക്ക് നിങ്ങൾക്ക് കടന്നുപോകാൻ കഴിയുമെങ്കിൽ പോയിക്കൊള്ളുക. അതിനുള്ള യോഗ്യതാധികാരം നേടിയാലല്ലാതെ നിങ്ങൾക്ക് കടന്നുപോകാനാവില്ല" (അർറഹ്മാൻ: 33). മനുഷ്യന് യാത്രചെയ്യാനും അവന്റെ ഭാരമേറിയ ചരക്കുകൾ കടത്താനും ജലപ്പരപ്പിലോടുന്ന കപ്പലുകൾ ദൈവം സംവിധാനിച്ചുതന്നതുപോലെ കരയിലോടാനും ഉപരിയിലേക്കുയരാനുമുള്ള വാഹനങ്ങളും ദൈവം സംവിധാനിച്ചിട്ടുണ്ട്: "അവരുടെ സന്തതികളെ നാം കപ്പലിൽകയറ്റി നിറച്ചുകൊണ്ടുപോയത് അവർക്ക് ഒരു ദൃഷ്ടാന്തമാണ്. അതുപോലെ അവർക്ക് വാഹനമായി ഉപയോഗിക്കാൻ മറ്റുപലതും നാം സംവിധാനിച്ചിട്ടുണ്ട്" (യാസീൻ: 41,42). "കുതിരകളെയും കഴുതകളെയും കോവർകഴുതകളെയും നിങ്ങൾക്ക് വാഹനങ്ങളായി ഉപയോഗിക്കാനും അലങ്കാരത്തിനായും അല്ലാഹു സൃഷ്ടിച്ചിരിക്കുന്നു. (ഈ ആവശ്യങ്ങൾക്കായി) നിങ്ങൾക്കറിഞ്ഞുകൂടാത്ത പലതും അല്ലാഹു സൃഷ്ടിക്കുകയും ചെയ്യും" (അന്നഹ്ൽ: 8). മനുഷ്യന് അവ പഠിച്ചു കണ്ടെത്താനും ഉപയോഗിക്കാനുമായി ഭൂമിയിലുള്ളതും ഉപരിമണ്ഡലങ്ങളിലുള്ളതും അവയ്ക്കിടയിലുള്ള വായുമണ്ഡലവും സ്രഷ്ടാവായ ദൈവം മനുഷ്യർക്ക് അധീനമാക്കിവച്ചിരിക്കുന്നു: "ഉപരിലോകമണ്ഡലങ്ങളിലുള്ളതും ഭൂമിയിലുള്ളതു

മായ സകലതും അല്ലാഹു അവനിൽനിന്ന് നിങ്ങൾക്ക് പ്രത്യേകമുള്ളതായി വിധേയമാക്കിത്തന്നിരിക്കുന്നു" (അൽജാസിയഃ: 13).

ഇത്തരത്തിലുള്ള ഗോളശാസ്ത്രപരവും പദാർഥശാസ്ത്രപരവുമായ ഒട്ടേറെ വസ്തുതകൾ ഖുർആൻ മുഹമ്മദ് നബിയുടെ മുമ്പിൽ നിരത്തിയിട്ടുണ്ട്. ഇതുമായി അദ്ദേഹം മനുഷ്യരോട് സംവദിക്കാൻ പുറപ്പെട്ടു. പക്ഷേ, അക്കാലത്ത് അത് സംവേദനം ചെയ്യാൻ ആരാണുണ്ടായിരുന്നത്? മനുഷ്യൻ ഗോളാന്തരയാത്രകൾ നടത്തുമെന്നും മറ്റു ഗോളങ്ങളിൽ ജീവികളുണ്ടെന്നും അർഥശങ്കയ്ക്കിടയില്ലാത്തവിധം പറയുന്ന ഖുർആന്റെ വിജ്ഞാനമേധാവിത്വത്തോട് പ്രതികരിക്കാൻ ഇന്നാർക്ക് കഴിയും? ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ശാസ്ത്രയുഗത്തിന്റെ ഉച്ചിയിലാണ് നാമിന്ന്. പക്ഷേ, മറ്റു ഗോളങ്ങളിൽ ജീവികളില്ലായെന്ന് സ്ഥിരീകരിച്ചുകൊണ്ട് ഖുർആനെ വെല്ലുവിളിക്കുക -ഇതാർക്ക് കഴിയും? ഉണ്ട് എന്ന് പ്രഖ്യാപിക്കുക, അതുവഴി ഖുർആന്റെ വാദത്തെ സ്ഥിരീകരിക്കുക -ഇതും ഇന്നാർക്കും സാധ്യമല്ല.

മുഹമ്മദ് നബി ദൈവദൂതനായി ഇരുപത്തിമൂന്നു വർഷം ജീവിച്ചു. ആദ്യത്തെ ഏതാനും വർഷങ്ങൾ മക്കയിൽ. ആ വർഷങ്ങൾ വിഗ്രഹാരാധന ദൈവനിന്ദയാണെന്നും ബഹുദൈവസങ്കൽപങ്ങൾ വിഡ്ഢിത്തമാണെന്നും സ്ഥാപിക്കാനുള്ള വർഷങ്ങളായിരുന്നു. സൃഷ്ടിക്കാനും പരിപാലിക്കാനും സംഹരിക്കാനും വ്യത്യസ്ത ദൈവങ്ങളുണ്ടെന്ന് വിശ്വസിക്കുന്നത് വങ്കത്തമാണെന്നും എല്ലാറ്റിനുമായി സർവശക്തനായ ഏകദൈവം മതിയെന്നും സ്രഷ്ടാവായ ദൈവത്തെ മനുഷ്യൻ രൂപകൽപന ചെയ്യുന്നത് കടുത്ത അക്രമമാണെന്നും സ്ഥാപിക്കാനായിരുന്നു അദ്ദേഹം ഈ വർഷങ്ങൾ ഉപയോഗപ്പെടുത്തിയിരുന്നത്.

സ്വാഭാവികമായും ഇത് സംഘർഷത്തിന്റെ വർഷങ്ങളായി മാറി, ക്ഷമയുടെയും. കാരണം അദ്ദേഹം പീഡിപ്പിക്കപ്പെട്ടു. തുടർന്ന് മദീനക്കാർ അദ്ദേഹത്തെ സ്വീകരിച്ചു. അവർ അദ്ദേഹത്തിന്റെ സഹായികളായി. അദ്ദേഹം മദീനയിലേക്ക് പലായനം ചെയ്തു. അവിടെ അദ്ദേഹം ഒരു പുതിയ സമൂഹവും രാഷ്ട്രവും കെട്ടിപ്പടുത്തു. അദ്ദേഹം പല സമൂഹങ്ങളുമായി സന്ധിയുണ്ടാക്കി. ചിലരുമായി യുദ്ധത്തിലേർപ്പെടേണ്ടതായും വന്നു. സംഭവബഹുലമായ ഈ കാലയളവിൽ അദ്ദേഹവും സമൂഹവും സന്ദിഗ്ധങ്ങളായ പല സന്ദർഭങ്ങളിലൂടെയും കടന്നുപോയി. ഈ ഘട്ടങ്ങളിൽ വിവിധ പശ്ചാത്തലങ്ങളിലാണ് ഖുർആനിലെ വചനങ്ങളെല്ലാം അവതീർണമായത്. അർഥഗാംഭീര്യമുള്ളതും സങ്കീർണങ്ങളായ ആശയങ്ങളടങ്ങിയതുമായ വചനങ്ങൾ അഭിസംബോധിതസമൂഹത്തിന് വളരെ ഗ്രാഹ്യമായി അനുഭവപ്പെട്ടുവെന്നത് ഖുർആന്റെ അത്ഭുതകരമായ സവിശേഷതയാണ്.

വായിക്കുന്നവന്നും കേൾക്കുന്നവന്നും എന്നും പുതിയ ഒരാശയം ആ വചനങ്ങളിൽനിന്ന് ലഭിക്കുന്നു. മനസ്സിനും ബുദ്ധിക്കും സംതൃപ്തി നൽകുന്ന ആശയങ്ങൾ; വൈരുധ്യങ്ങളാവുന്നില്ല. മറ്റു വഴിയിൽ മനുഷ്യൻ എന്തെല്ലാം വിജ്ഞാനങ്ങൾ ആർജിക്കുന്നുവോ, അതിനനുസൃതമായി ഈ ഖുർആനികാശയങ്ങൾക്ക് തിളക്കംകൂടുന്നു. ജീവിതത്തിലെ വഴിത്തിരിവുകളിൽ ഈ ഖുർആൻ വഴികാണിക്കുന്നുവെന്നത് ഒരു വല്ലാത്ത, അനുപമമായ അനുഭൂതിയായി മുഹമ്മദ് നബിയും അനുയായികളും അനുഭവിച്ചുകൊണ്ടിരുന്നു. നൂറുകൂട്ടം സാമൂഹിക-സാമ്പത്തികപ്രശ്നങ്ങൾ ആ പുതിയ സമൂഹത്തിൽ ഉയർന്നുവന്നിരുന്നു. പുതിയ സംവിധാനത്തിൽ അവയ്ക്കെല്ലാം നൂതനങ്ങളായ പരിഹാരങ്ങളും ക്രമീകരണങ്ങളുമാണ് ഖുർആൻ അദ്ദേഹത്തിന്റെ മുമ്പിൽ വച്ചുകൊടുത്തിട്ടുള്ളത്.

ആ പ്രശ്നങ്ങളോരോന്നും ആധുനികകാലത്ത് ഓരോ ശാസ്ത്രങ്ങളായി വളർന്നിരിക്കുന്നു. കുടുംബങ്ങളുടെയും ഗോത്രങ്ങളുടെയും കാര്യങ്ങൾ ഇന്ന് സാമൂഹികശാസ്ത്രമായി മാറിയിരിക്കുന്നു. സാമ്പത്തിക ഇടപാടുകൾ സമ്പദ്ശാസ്ത്രമായിരിക്കുന്നു. ഭരണപരമായ പ്രശ്നങ്ങൾ രാഷ്ട്രമീമാംസയും രാജ്യതന്ത്രവുമായിരിക്കുന്നു. ഭരണഘടനയും ജനാധിപത്യവും പാർലമെന്റും നീതിന്യായവ്യവസ്ഥയും നിയമസംഹിതകളുമെല്ലാം നിലവിൽ വന്നിരിക്കുന്നു.

ഈ ശാസ്ത്രങ്ങളിലൊന്നുപോലും മനുഷ്യസമൂഹത്തിന്റെ ഭാവനാമണ്ഡലത്തിലെങ്കിലും രൂപംകൊണ്ടിട്ടില്ലാത്ത ഒരു കാലഘട്ടത്തിലായിരുന്നു മുഹമ്മദ് നബി ജീവിച്ചിരുന്നത്. ഏറെ അത്ഭുതകരമായിട്ടുള്ളത് ഈ വിജ്ഞാനശാഖകളുടെയെല്ലാം മൗലികമായ പ്രമാണങ്ങളെ ഖുർആൻ അവതരിപ്പിച്ചിരിക്കുന്നുവെന്നതാണ്. മാനവചരിത്രത്തിന്റെ പ്രയാണഗതി തന്നെ തിരിച്ചുവിടാൻ മുഹമ്മദ് നബിക്കായത് ഖുർആൻ അദ്ദേഹത്തെ ഏൽപിച്ച ഈ പ്രമാണങ്ങളുടെ മൗലികത കൊണ്ടായിരുന്നു. ഈ ഖുർആനുണ്ടായിരുന്നില്ലെങ്കിൽ മാനവസമൂഹത്തിൽ അദ്ദേഹത്തിന് ഒന്നും ചെയ്യാനാകുമായിരുന്നില്ല. ചരിത്രത്തിൽ അദ്ദേഹം ഒന്നുമല്ലാതാകുമായിരുന്നു!

പക്ഷേ, ഈ ഖുർആനിലൂടെ അദ്ദേഹം നാഗരികതയുടെ മുഖമുദ്ര മാറ്റിക്കളഞ്ഞു, സമൂഹങ്ങളുടെ വിമോചകനായകനായിത്തീർന്നു, പതിതരുടെ അടിമത്തച്ചങ്ങലകൾ പൊട്ടിച്ചെറിയാൻ അദ്ദേഹത്തിന് കഴിഞ്ഞു: "അവരുടെ ജീവിതഭാരങ്ങൾ അദ്ദേഹം (മുഹമ്മദ് നബി) ഇറക്കിവയ്ക്കുകയും അവർ ധരിച്ചിരുന്ന ചങ്ങലകൾ അദ്ദേഹം എടുത്തുമാറ്റുകയും ചെയ്യുന്നു......." (അൽഅഅ്റാഫ്: 157).

ഖുർആൻ അവതരിപ്പിച്ച സമ്പദ്വ്യവസ്ഥ ഇന്ന് ഏറ്റവും ഉന്നതവും ഉദാത്തവുമായി നിലകൊള്ളുന്നു. സാമ്പത്തികസമത്വം ലക്ഷ്യമാക്കി നീങ്ങുമ്പോൾ സാമ്പത്തികവളർച്ച മുരടിച്ചുപോവുന്നതാണ് ആധുനികലോകം അഭിമുഖീകരിക്കുന്ന വലിയ ഒരു സങ്കീർണത. മറുവശത്ത് സാമ്പത്തികവളർച്ച ഉദ്ദേശിച്ചുള്ള ശ്രമങ്ങൾക്ക് ഊന്നൽകൊടുക്കുമ്പോൾ സാമൂഹികനീതി തകർന്നുപോവുകയും ചെയ്യുന്നു. മുതലാളിത്തവും സോഷ്യലിസവും അകപ്പെട്ട ഈ പ്രതിസന്ധിയിൽനിന്ന് ഒരു മോചനമാർഗം ഖുർആൻ വരച്ചുകാട്ടുന്നത് എത്ര അത്ഭുതകരം! ആധുനികസമ്പദ്ശാസ്ത്രത്തിന്റെ ബാലപാഠങ്ങൾ പോലും അറിഞ്ഞിരുന്നിട്ടില്ലാത്ത മുഹമ്മദ് നബിയുടെ കാലഘട്ടത്തിലെ ജനങ്ങൾക്കു മുമ്പിൽ ഖുർആൻ നിരത്തിവയ്ക്കുന്ന സാമ്പത്തികനിയമങ്ങൾ എത്ര ഉദാത്തം!

പലിശ മുതലാളിത്തത്തിന്റെ ഒരു ഉപകരണമാണല്ലോ: "ജനങ്ങളുടെ സമ്പത്തിൽ വളർച്ചയുണ്ടാവുന്നതിനുവേണ്ടി നിങ്ങൾ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്ന പലിശ അല്ലാഹുവിന്റെയടുത്ത് വളരുന്നില്ല. പ്രത്യുത, അല്ലാഹുവിന്റെ തൃപ്തി ലഭിക്കാനുദ്ദേശിച്ച് നിങ്ങൾ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്ന സകാത്ത്വ്യവസ്ഥ നടപ്പാക്കുന്നവരത്രെ സത്യത്തിൽ ധനം ഇരട്ടിപ്പിച്ചുകൊണ്ടിരിക്കുന്നവർ" (അർറൂം: 39).

വ്യക്തികളുടെ സാമ്പത്തികസ്വാതന്ത്ര്യം പൂർണമായി നിഷേധിച്ചുകൊണ്ട് സാമൂഹികനീതി നടപ്പാക്കുകയെന്നത് പ്രകൃതിവിരുദ്ധവും അപ്രായോഗികവുമാണ്. മനുഷ്യാധ്വാനമാണ് സമ്പത്ത് വർധിപ്പിക്കുന്നതും വളർത്തുന്നതും. അതിനാൽ അതിന് പ്രോത്സാഹനം വേണം. അധ്വാനഫലം അധ്വാനിക്കുന്നവന് അംഗീകരിച്ചുകൊടുക്കുകയെന്നതാണ് ഏറ്റവും നല്ല പ്രോത്സാഹനം. എന്നാൽ, ഒരു വിഹിതം അവനിൽനിന്നെടുക്കുക. സമൂഹത്തിൽ തളർന്നുപോകുന്നവരെ പൊതുജീവിതനിലവാരത്തിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ അത് വിനിയോഗിക്കുക. ഈ രീതിയിൽ വിഭവങ്ങൾ കൂടുതൽ വികേന്ദ്രീകരിക്കപ്പെടുന്നു. സമൂഹത്തിൽ ക്ഷേമവും സംതൃപ്തിയും സംജാതമാകുന്നു. അതോടൊപ്പം ഉൽപാദനം വർധിക്കുകയും വളർച്ചകൂടുകയും ചെയ്യുന്നു. ഈ പ്രക്രിയയെ വിഘ്നപ്പെടുത്തുന്ന ഏറ്റവും നാശകാരിയായ വില്ലനാണ് പലിശയെന്ന് ഖുർആൻ സമർഥിക്കുന്നു.

ലാഭം നിർണിതകണക്കിൽ ഉറപ്പുവരുത്താൻ കഴിയാത്ത വ്യവസായ-വാണിജ്യ സംരംഭങ്ങൾ പലിശയ്ക്ക് മൂലധനം സ്വീകരിക്കാൻ തയാറാവുകയില്ല. പണം ബാങ്കുകളിലും കുത്തകവ്യക്തികളിലും

കുന്നുകൂടുകയല്ലാതെ ഉൽപാദനസംരംഭങ്ങളിൽ മുതലിറക്കപ്പെടില്ല. ഇതുവഴി ഉൽപാദനം കുറയുന്നു, തൊഴിലില്ലായ്മ വർധിക്കുന്നു, വളർച്ചയ്ക്കു പകരം തളർച്ചയുണ്ടാകുന്നു. വമ്പിച്ച സംഖ്യ പലിശ യായി നൽകാൻ ബാങ്കുകൾക്ക് കഴിയാതെവരുന്നു. ബാങ്കിംഗ്വ്യവ സായം തകരുകയും പൊതുസാമ്പത്തികമാന്ദ്യം ലോകത്തെയൊ ന്നാകെ ഗുരുതരമായ സാമ്പത്തികപ്രതിസന്ധിയിലെത്തിക്കുകയും ചെയ്യുന്നു. തകർന്ന ലോകം മെല്ലെ എഴുന്നേറ്റുവരും. കുറച്ചുകാലം കഴി യുമ്പോൾ വീണ്ടും തകർന്നുവീഴുന്നു. വീണ്ടും പല ശ്രമങ്ങളിലൂടെയും എഴുന്നേൽക്കാൻ ശ്രമിക്കുന്നു; പക്ഷേ, വീണ്ടും തളർന്നുവീഴുന്നു. മത്തുബാധിച്ച ഒരു ഭ്രാന്തൻ എഴുന്നേറ്റുനിൽക്കാൻ ശ്രമിക്കുന്നപോലെ യെന്ന് ഖുർആൻ പറയുന്നു: "പലിശ തിന്നുന്നവർ ശൈത്വാൻബാധ യേറ്റ് മറിഞ്ഞുവീഴുന്നവൻ എഴുന്നേൽക്കാൻ ശ്രമിക്കുന്നതുപോലെയ ല്ലാതെ എഴുന്നേൽക്കുകയില്ല" (അൽബഖറഃ 275).

പലിശ നിരോധിക്കുകയും ദാനം നിർബന്ധമാക്കുകയും ചെയ്ത ഖുർആന്റെ സംവിധാനം ഏറെ ശാസ്ത്രീയവും ആധുനികവുമാണെന്ന് കാണാൻ പ്രയാസമില്ല. ഇത് സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലായി ഖുർ ആൻ പരിചയപ്പെടുത്തുന്നു. സമ്പത്തിന്റെ വിതരണത്തിനും വികേന്ദ്രീ കരണത്തിനുമായി ഖുർആൻ അവതരിപ്പിച്ച സംവിധാനത്തിന്റെ മഹത്വം മനസ്സിലാക്കാൻ ഒരു എളുപ്പവഴിയുണ്ട്. ഇതേ ലക്ഷ്യത്തിനായി കമ്യൂണിസം അവലംബിച്ച വഴി പരിശോധിക്കുക. സമ്പത്ത് മുഴുവൻ സമൂഹത്തിന്റെ പൊതുഉടമസ്ഥതയിലേക്ക് എന്ന പേരിൽ സ്റ്റേറ്റ് ഉടമ സ്ഥതയിലേക്ക് മാറ്റി. കൂടുതൽ കഠിനമായ സമ്പദ്കേന്ദ്രീകരണത്തി ലേക്കും തുടർന്ന് നാശത്തിലേക്കുമാണതെത്തിച്ചത്.

ഖുർആൻ അവതരിപ്പിച്ച മറ്റൊരു അടിസ്ഥാന സാമ്പത്തികാ ശയം ഉൽപാദന-ഉപഭോഗസന്തുലനമാണ്. ഇതിലൂടെ ഖുർആൻ പഠി പ്പിച്ചുതരുന്ന വെൽഫെയർ എക്കണോമിക്സ് (ക്ഷേമധനശാസ്ത്രം) ഈ കാലത്തെ സമ്പദ്ശാസ്ത്രവിദഗ്ധർക്കുപോലും വളരെ നവീനമാ ണ്. ഇതോടൊപ്പം സമ്പത്തികസദാചാരത്തിന്റെ ഒരു വലിയ പട്ടിക തന്നെ ഖുർആൻ മുഹമ്മദ് നബിക്ക് നൽകിയിട്ടുണ്ട്. പതിനാലു നൂറ്റാ ണ്ടുകൾക്കു മുമ്പ് അറേബ്യൻസമൂഹത്തിൽ ജീവിച്ച മുഹമ്മദ് നബിക്ക് ഇതെല്ലാം മനസ്സിലാക്കാൻ കഴിഞ്ഞുവെന്നോ? അചിന്ത്യം!?

അതീവ സങ്കീർണമായ ഒരു ബൃഹദ് വിഷയമാണല്ലോ അനന്ത രാവകാശനിയമം. ഗണിതശാസ്ത്ര ഇക്വേഷനുകളില്ലാതെ കേവലം സാധാരണവാക്കുകളടങ്ങിയ ഖുർആനിലെ രണ്ടു വാചകങ്ങളിൽ ഈ സങ്കീർണമായ വിഷയം മുഴുവനും ഒതുങ്ങിയിരിക്കുന്നു (അന്നിസാഅ്: 11,12 വാക്യങ്ങൾ പരിശോധിക്കുക). എന്തൊരാശ്ചര്യം! രക്തബന്ധം എന്ന ഏക അടിസ്ഥാനത്തിലൂടെ പക്ഷപാതിത്വത്തിന്റെ എല്ലാ വാതി ലുകളുമടക്കുന്ന ഖുർആന്റെ ഈ രീതി അപാരം തന്നെ! ലോക ത്തിന്നുവരെ ആർക്കെങ്കിലും കുറ്റമറ്റ ഒരു അനന്തരാവകാശനിയമം അവതരിപ്പിക്കാനായിട്ടുണ്ടോ? കഴിയുമെങ്കിൽതന്നെ എത്ര വലിയ ഗ്രന്ഥം വേണ്ടിവരും?!

ഖുർആൻ നൽകുന്ന നീതിന്യായസങ്കൽപവും നിയമങ്ങളും നിയമനിർമാണത്തിന്റെ അടിസ്ഥാനതത്ത്വങ്ങളുമെല്ലാം തന്നെ ഇതേ പോലെ ഉദാത്തവും ഉന്നതവുമാണ്. വ്യക്തിയുടെയും സമൂഹത്തി ന്റെയും മനശ്ശാസ്ത്രസങ്കീർണതകളെയും സ്വഭാവപ്രകൃതങ്ങളെയും നിഗൂഢമായ വികാരവിചാരധാരകളെയും വളരെ ആശ്ചര്യകരമായി ഈ രംഗത്ത് പരിഗണിച്ചിട്ടുള്ളതായികാണാം. ഖുർആന്റെ സ്വാധീനമി ല്ലാത്ത സമൂഹങ്ങളിലെ നീതിന്യായ-നിയമങ്ങളുടെ കഴിഞ്ഞ പതി നാലു നൂറ്റാണ്ടുകളിലെ ചരിത്രം ഭേദഗതികളുടെയും പരിഷ്കരണങ്ങളു ടെയും നിരന്തരമായ ചരിത്രമായിത്തീർന്നതിന്റെ കാരണം ഇവിടെ വ്യക്തമാണല്ലോ. ഖുർആന്റെ നിയമങ്ങൾക്ക് ഇന്നും ഭേദഗതികളാവശ്യ മാവുന്നില്ല. ഇത്തരം ഒരാവശ്യം ഉന്നയിക്കുന്നവർക്കൊന്നുംതന്നെ അതിനേക്കാൾ മെച്ചപ്പെട്ട ബദൽ അവതരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

നീതിന്യായനിർവഹണത്തിൽ ഭരണനിർവഹണവിഭാഗത്തിന് (എക്സിക്യൂട്ടീവ്) അധികാരമുപയോഗിക്കാനുള്ള അവകാശം, നീത ിനിർവഹണവിഭാഗ(ജുഡീഷ്യറി)ത്തിന്റെ സുരക്ഷയും സ്വതന്ത്രമായ അവസ്ഥയും ഉറപ്പുവരുത്തുകയെന്നതു മാത്രമാക്കിയത് ഖുർആനാണ്. ഇന്നും ഈ നിലപാടിലേക്ക് പൂർണമായി എത്തിച്ചേരാൻ ആധുനികസ മൂഹങ്ങൾക്കായിട്ടില്ല. എക്സിക്യൂട്ടീവിന്റെ തലവന് കോടതിയുടെ അന്തിമവിധിക്കു മേൽ മാപ്പുകൊടുക്കാനും ഇളവു കൊടുക്കാനുമുള്ള അധികാരം ആധുനികഭരണകൂടങ്ങൾ ഇന്നും നിലനിർത്തുന്നു. ഇതി ലൂടെ സ്വജനപക്ഷപാതവും താൽപര്യസംരക്ഷണവും നില നിൽക്കുന്നു.

കൊലപാതകിക്ക് മാപ്പുകൊടുക്കാനുള്ള അധികാരം ഖുർആൻ ഭരണത്തലവന് നൽകുന്നില്ല. വിധികർത്താവായ ന്യായാധിപനു പോലും ഈ അധികാരം ഖുർആൻ വകവച്ചുകൊടുത്തിട്ടില്ല. എന്നാൽ, കൊല്ലപ്പെട്ടവന്റെ ഏറ്റവുമടുത്ത നിയമാനുസൃത അവകാശിക്ക് മാപ്പു നൽകാനുള്ള അധികാരം നൽകിയിരിക്കുന്നു: "........ ഇനി കൊലയാ ളിക്ക് തന്റെ സഹോദരന്റെ പക്ഷത്തുനിന്ന് വല്ല മാപ്പും ലഭിക്കുകയാ ണെങ്കിൽ അവൻ മര്യാദ പാലിക്കുകയും നല്ല നഷ്ടപരിഹാരം കൊടു ക്കുകയും ചെയ്യേണ്ടതാണ്. നിങ്ങളുടെ രക്ഷിതാവിന്റെ ഒരു വിട്ടുവീ ഴ്ചയും കാരുണ്യവുമാകുന്നു ഇത്...." (അൽബഖറഃ 178), "അന്യായ മായി വല്ലവനും കൊല്ലപ്പെടുന്നപക്ഷം അവന്റെ അവകാശിക്ക് നാം അധികാരം വച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ, കൊലയിൽ അതിരു കട ക്കരുത്" (അൽഇസ്രാഅ്: 33). എന്നുമാത്രമല്ല, മാപ്പു നൽകാൻ പ്രേരിപ്പി ക്കുകയും ചെയ്യുന്നു. മരണത്തിന്റെ വക്കിൽനിന്ന് ജീവൻ തിരിച്ചുകി ട്ടുന്ന കൊലപാതകി കൊല്ലപ്പെട്ടവന്റെ കുടുംബത്തിന്റെ ഏറ്റവുമടുത്ത മിത്രമായിത്തീരുന്നു. മറിച്ച്, ഭരണകൂടം മാപ്പു നൽകിയിരുന്നെങ്കിൽ പകരത്തിനു പകരം കൊലകളുടെ ഒരു ശൃംഖലതന്നെ തുടരുകയാവും ഫലം.

മനശ്ശാസ്ത്രവും സാമൂഹികശാസ്ത്രവും ഏറ്റവും നന്നായി അറി യുന്നവന്റെ നിയമമാണ് ഖുർആനിലുള്ളത്. മുഹമ്മദ് നബിയുടെ നിയമ ങ്ങളല്ല അവയെന്ന് ഇവിടെ ശരിയായി മനസ്സിലാക്കാം. മുഹമ്മദ് നബി യെന്നല്ല, മനുഷ്യരിൽ ആധുനികന്മാരാരും തന്നെ സദൃശമായ ഒരു നിയമം ഇന്നേവരെ അവതരിപ്പിച്ചിട്ടില്ലല്ലോ.

കടുത്ത ശിക്ഷാനിയമങ്ങൾ ഖുർആൻ അനുശാസിക്കുന്നുണ്ട്. എന്നാൽ, അതിനേക്കാൾ കടുത്തതാണ് തെളിവുനിയമങ്ങൾ. സത്രീയു ടെയും പുരുഷന്റെയും ലൈംഗികസമ്മർദങ്ങളെ വേണ്ടവിധം കണക്കി ലെടുത്തുകൊണ്ടുതന്നെയാണ് ഖുർആൻ വ്യഭിചാരത്തെ മ്ലേഛമായ സാമൂഹികതിന്മയായി കാണുന്നത്. ഉത്തരവാദിത്വങ്ങൾ പരസ്പരം ഏറ്റെടുക്കുന്ന നിയമാനുസൃതബന്ധങ്ങളാണ് സ്ത്രീപുരുഷന്മാർക്കിട യിൽ ഉണ്ടാവേണ്ടതെന്ന് ഖുർആൻ അനുശാസിക്കുന്നു. ഇതിനായി ഉദാരമായ വിവാഹ-വിവാഹമോചനനിയമങ്ങളടങ്ങുന്ന ബൃഹത്തായ കുടുംബവ്യവസ്ഥ ഖുർആൻ നൽകുന്നുണ്ട്. മനുഷ്യചരിത്രത്തിലാദ്യ മായി ഭാര്യക്ക് ഭർത്താവിനെ വിവാഹമോചനം ചെയ്യാനുള്ള അവ കാശം അത് പ്രഖ്യാപിച്ചു. ഈ വ്യവസ്ഥകളെയെല്ലാം മാനിക്കുന്ന ഒരു സമൂഹത്തിൽ സ്ത്രീപുരുഷന്മാർ പരസ്പരം പാലിക്കേണ്ട കണിശ മായ പെരുമാറ്റച്ചട്ടമുണ്ട്. നോട്ടത്തിലൂടെയും പ്രകടനത്തിലൂടെയും മറ്റു മുള്ള ലൈംഗികപ്രലോഭനം തടഞ്ഞിട്ടുണ്ട്. ഇതിനെയെല്ലാം അവഗ ണിച്ച് വ്യഭിചാരത്തിലെത്തുന്നവർ സാമൂഹികഭദ്രതയും കുടുംബബന്ധ ങ്ങളും തകർക്കുന്നുവെന്നതുകൊണ്ടാണ് ഖുർആൻ അവർക്ക് കടുത്ത ശിക്ഷ നൽകാൻ ഭരണകൂടത്തോടാവശ്യപ്പെടുന്നത്. എന്നാൽ, സത്യം പറയുന്നവരെന്ന് തെളിയിക്കപ്പെട്ട നാലു ദൃക്സാക്ഷികൾ, സാക്ഷാൽ അവിഹിത ലൈംഗികബന്ധപ്പെടൽ കണ്ടവരായി ഉണ്ടാകണമെന്ന താണ് തെളിവുനിയമം അനുശാസിക്കുന്നത്. വ്യക്തികളുടെ അഭിമാന ത്തിന് ക്ഷതം വന്നുപോകാനുള്ള സാധ്യത ഇവിടെ ഖുർആൻ കണക്കി

ലെടുക്കുന്നുവെന്നതാണ് മുഹമ്മദ് നബിയെ മാത്രമല്ല, മുഴുവൻ മനുഷ്യരെയും ഈ ഗ്രന്ഥം ആശ്ചര്യപ്പെടുത്തിക്കളയുന്ന മറ്റൊരു കാര്യം. ഈ മ്ലേഛമായ പ്രവൃത്തി കാണാനിടയായ ഒരു വ്യക്തി നാലു സാക്ഷികളില്ലാത്ത സാഹചര്യത്തിൽ വ്യഭിചാരാരോപണം ഉന്നയിക്കാൻ പാടില്ല. വ്യഭിചാരാരോപണം നടത്തുന്നവർക്കും കടുത്ത ശിക്ഷയാണ് ഖുർആൻ വിധിക്കുന്നത്. വ്യഭിചാരിക്ക് നൂറ് അടിയാണെങ്കിൽ ആരോപിച്ചവന് എൺപത് അടി!!

എന്നാൽ, ഏതു സാഹചര്യത്തിലും കൊലപാതകിയെ കൊല്ലണമെന്നും വ്യഭിചാരിയെ പ്രഹരിക്കണമെന്നും ഖുർആൻ ശഠിക്കുന്നില്ല. 'ശിക്ഷകൾ നടപ്പാക്കാതിരിക്കാൻ പഴുത് കാണുന്നിടത്തോളം അത് ഒഴിവാക്കുക' എന്ന് നബിവചനം. സമൂഹത്തിന്റെ ആരോഗ്യമാണ് മർമപ്രശ്നം. സമൂഹത്തിൽ പട്ടിണിയില്ലാതാക്കിയ ശേഷമാണ് കള്ളന്റെ കൈമുറിക്കേണ്ടത് എന്ന് ഖലീഫാ ഉമർ വിധിച്ചത് ഖുർആന്റെ ഈ ആശയമുൾക്കൊണ്ടാണ്. ശിക്ഷാനിയമങ്ങൾക്ക് അടിസ്ഥാനമാവേണ്ട ഒരു തത്ത്വം ഖുർആൻ ഇവിടെ വ്യക്തമാക്കിത്തരുന്നുണ്ട്. ആധുനികഭരണകൂടങ്ങളെപ്പോലെ ശിക്ഷിക്കാൻ വേണ്ടി ശിക്ഷിക്കുക, അതല്ലെങ്കിൽ ശല്യങ്ങളെ ഉന്മൂലനം ചെയ്യാൻ വേണ്ടി ശിക്ഷിക്കുക -ഇത് രണ്ടും ഖുർആന്റെ നയമല്ല.

തെറ്റുകുറ്റങ്ങൾക്കുള്ള യഥാർഥ ശിക്ഷ പരലോകത്താണ്. ഈ ലോകത്ത് സമൂഹത്തിന് ഗുണപാഠമാവുന്നതിനു വേണ്ടിയാണ് ശിക്ഷ. അതീവ രഹസ്യമായി കുറ്റവാളിയെ ഉന്മൂലനംചെയ്യേണ്ട കാര്യമില്ല. പരമാവധി വിട്ടുവീഴ്ച ചെയ്യേണ്ടതുണ്ട്. എന്നാൽ, സമൂഹത്തിൽ കുഴപ്പമുണ്ടാകാതിരിക്കാൻ കൃത്യമായ നീതിനിർവഹണം വേണ്ടതുമുണ്ട്.

ഖുർആനിൽ അതീവ വൈദഗ്ധ്യത്തോടെ ഉൾക്കൊള്ളിച്ചിട്ടുള്ള വൈവിധ്യമാർന്ന വിജ്ഞാനങ്ങളുടെ വൈപുല്യം വിസ്മയകരം തന്നെ. മനുഷ്യരുടെ ധിഷണാപരവും നാഗരികവുമായ വളർച്ചയ്ക്കനുസൃതമായി ഖുർആൻ കൂടുതൽ കൂടുതൽ പ്രോജ്ജ്വലമായിക്കൊണ്ടിരിക്കുന്നു.

ഇന്ന് വിജ്ഞാനം വളരെയധികം ശാഖകളും ഉപശാഖകളുമായി വികസിച്ചിരിക്കുകയാണല്ലോ. ഏതെങ്കിലുമൊരു ശാഖയിൽ പരിജ്ഞാനം നേടിയ ഒരാൾ ഖുർആനെ സമീപിക്കുമ്പോൾ അയാളുടെ മേഖലയിൽ ധാരാളം കണ്ടെത്തലുകൾ അയാൾക്ക് ഖുർആനിൽനിന്ന് ലഭിക്കുന്നു. ഏറ്റവും പ്രഗത്ഭനായ ഒരു മനശ്ശാസ്ത്രജ്ഞനെപ്പോലും അത്ഭുതപ്പെടുത്തുന്ന മനശ്ശാസ്ത്ര ആശയങ്ങൾ അയാൾക്ക് ഖുർആനിൽനിന്ന് ഇന്നും ലഭിക്കുന്നു. സ്ത്രീ-പുരുഷലൈംഗികമനശ്ശാസ്ത്രത്തിലുള്ള വ്യത്യാസങ്ങൾപോലും അതിസൂക്ഷ്മമായി പരിഗണിച്ചിരിക്കുന്നുവെന്ന് മനസ്സിലാക്കുമ്പോൾ ഒരു മനശ്ശാസ്ത്രജ്ഞൻ എങ്ങനെ ആശ്ചര്യപ്പെടാതിരിക്കും! ഭൗതികപദാർഥശാസ്ത്രമാകട്ടെ, സാമൂഹികശാസ്ത്രമാകട്ടെ എല്ലാ വിജ്ഞാനശാഖകൾക്കും ഖുർആൻ തനതായ എന്തെങ്കിലും നൽകാതിരുന്നിട്ടില്ല.

ആത്മീയമേഖലയെയും ഭൗതികമേഖലയെയും ഭംഗിയായി സമന്വയിപ്പിച്ച ഗ്രന്ഥമാണ് ഖുർആൻ. ഭൗതികതയെ അവഗണിക്കുന്ന ആത്മീയതയെയോ ആത്മജ്ഞാനത്തെയോ ഖുർആൻ അംഗീകരിക്കുന്നില്ല. മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും മഹത്വത്തെയും നിരാകരിക്കുന്ന യാതൊരു ആത്മീയാധ്യാപനവും ഖുർആൻ നൽകുന്നില്ല. മനുഷ്യനും, അവന്റെ സ്രഷ്ടാവും രക്ഷിതാവുമായ ദൈവവും തമ്മിൽ നേരിട്ട് മധ്യസ്ഥരോ സഹായികളോ ഇല്ലാതെ സ്ഥാപിക്കപ്പെടുന്ന സുശക്തവും അനുഭൂതിസാന്ദ്രവുമായ ഒരു ബന്ധത്തിന്റെ അനുപമമായ ആധ്യാത്മജ്ഞാനം ഖുർആനിൽ മറ്റെല്ലാ വിജ്ഞാനശാഖകളോടൊപ്പം നിറഞ്ഞുനിൽക്കുന്നു.

ഈ ആത്മീയതയെയും ഭൗതികതയെയും ഒരുപോലെ ഖുർആൻ മരണശേഷം അനശ്വരമാകുന്ന ജീവിതവുമായി ബന്ധിപ്പിച്ചിരിക്കുന്നു. മരണശേഷം ജീവിതമില്ലായെന്ന് വാദിക്കുന്നവരെ ഖുർആൻ ഭൗതികമായിത്തന്നെ വെല്ലുവിളിക്കുന്നു. ഒരിക്കൽ മനുഷ്യൻ ഈ ഭൂമുഖത്ത് ഉണ്ടായി എന്നത് യാഥാർഥ്യമെങ്കിൽ ആ പ്രക്രിയയുടെ ആവർത്തന സാധ്യതയെ നിങ്ങൾ എങ്ങനെ തള്ളിക്കളയുന്നുവെന്ന് അത് ചോദിക്കുന്നു. ചത്തുവരണ്ട ഭൂമിയിൽ ഉണങ്ങിപ്പൊടിഞ്ഞുപോയ വിത്തുകൾ വീണ്ടും മുളച്ചുപൊങ്ങുന്നത് നിങ്ങൾക്ക് കാണാനാകുന്നില്ലേ? അതേപോലെ നിങ്ങൾ മരിച്ചു പൊടിഞ്ഞലിഞ്ഞ് മണ്ണിൽ ചേർന്ന ശേഷം വീണ്ടും മണ്ണിലുള്ളതോ വെള്ളത്തിലുള്ളതോ വായുവിലുള്ളതോ ആയ നിങ്ങളുടെ അംശങ്ങളിൽനിന്ന് നിങ്ങൾ വീണ്ടും രൂപം കൊടുക്കപ്പെടാമെന്ന് എന്തുകൊണ്ട് അംഗീകരിച്ചുകൂടാ?

ആധുനികജീവശാസ്ത്രത്തിന് അനുകൂലമായി മാത്രം പ്രതികരിക്കൽ നിർബന്ധമായ ഇത്തരം സമർഥനങ്ങൾ പതിനാലു നൂറ്റാണ്ടുകൾക്കു മുമ്പ് മുഹമ്മദ് നബിക്ക് ലഭിച്ച ഖുർആനിലടങ്ങിയിരിക്കുന്നുവെന്നതാണ് അതിനെ ഒരത്ഭുതഗ്രന്ഥമാക്കുന്നത്.

മനുഷ്യൻ വീണ്ടും മരണശേഷമുണ്ടാകുന്നതിന് ആദ്യമുണ്ടായത് എങ്ങനെയെന്ന് പഠിച്ചുനോക്കാൻ ഖുർആൻ ആവശ്യപ്പെടുന്നു: "സൃഷ്ടിപ്പ് അല്ലാഹു എങ്ങനെ ആരംഭിക്കുകയും പിന്നീട് ആ പ്രക്രിയ എങ്ങനെ ആവർത്തിക്കുന്നുവെന്നും അവർ പഠിച്ചുനോക്കുന്നില്ലേ?" (അൽഅൻകബൂത്ത്: 19), "നിങ്ങൾ ഭൂമിയിൽ സഞ്ചരിച്ച് പഠനം നടത്തിനോക്കൂ; അപ്പോഴറിയാം അല്ലാഹു സൃഷ്ടിപ്പ് ആരംഭിച്ച പ്രക്രിയ എങ്ങനെയെന്ന്" (അൽഅൻകബൂത്ത്: 20).

"സ്വന്തം സൃഷ്ടിപ്പിന്റെ കഥ മറന്നുപോയ മനുഷ്യൻ നമുക്ക് ഒരു ഉദാഹരണം പ്രയോഗിച്ചുതന്നുകൊണ്ട് ന്യായവാദം നടത്തുന്നു: ഇതാ, ഈ ദ്രവിച്ചു പൊടിഞ്ഞ അസ്ഥികൂടം. ഇതാരാണ് വീണ്ടും ജീവിപ്പിക്കാൻ പോകുന്നത്? പറയുക: ആദ്യത്തെ പ്രാവശ്യം അവനെ സൃഷ്ടിച്ച് വളർത്തി വലുതാക്കിയവൻ തന്നെ ആ എല്ലുകളെ ജീവിപ്പിക്കുന്നുവെന്ന്" (യാസീൻ: 78,79). ഇല്ലായ്മയിൽനിന്ന് ഒരിക്കൽ മനുഷ്യൻ ഉണ്ടായെങ്കിൽ പിന്നീട് അതേ പദാർഥങ്ങളിൽനിന്നോ അതേ കോശങ്ങൾ പെരുകിയോ മനുഷ്യൻ വീണ്ടും വളർന്നുണ്ടാവില്ലായെന്ന് സ്ഥാപിക്കാൻ എന്ത് ന്യായം? ഒരിക്കൽ ഉണ്ടായ പ്രക്രിയ വീണ്ടും ആവർത്തിക്കാനുള്ള സാധ്യതയുടെ ന്യായം ആദ്യം ഉണ്ടായി എന്നതുതന്നെയാണല്ലോ എന്നാണ് ഖുർആൻ ഇവിടെ സമർഥിക്കുന്നത്. ഇതിന്റെ അർഥം ആദ്യം മനുഷ്യൻ രൂപംകൊണ്ട ഏകജൈവഘടകം (നഫ്സുൻ വാഹിദഃ) അമീബയെപ്പോലെയോ മറ്റു ചില സസ്യബീജംപോലെയോ അനുകൂല കൽപന (Command) വരുന്നതുവരെ നശിക്കാതെ കിടക്കാൻ സംവിധാനമുണ്ടെന്നാവാം.

ക്ലോണിംഗ് പഠിച്ച ആധുനികമനുഷ്യന് മാത്രം മനസ്സിലാവുന്ന ഇത്തരം കാര്യങ്ങൾ എങ്ങനെയാണ് മുഹമ്മദ് നബി ആ കാലത്ത് ജീവിച്ച സമൂഹങ്ങൾക്ക് ബോധ്യപ്പെടുത്തിക്കൊടുത്തത് എന്ന് ഇന്ന് ചിന്തിക്കാൻതന്നെ പ്രയാസം തോന്നുന്ന കാര്യമാണ്.

ഖുർആനെക്കുറിച്ച് ഇത്രയും മനസ്സിലാക്കിയാൽതന്നെ മതി; അതൊരു അത്ഭുതമാണെന്ന കാര്യത്തിൽ സന്ദേഹത്തിനിടമില്ല. അത്ഭുതമല്ല, ധിഷണാശാലികൾക്ക് അതൊരു മഹാത്ഭുതമാണ്. അനന്തമായ വിജ്ഞാനങ്ങളുടെ ഒരു മഹാസാഗരം. പരിശോധിക്കുന്ന ആരെയും അതിശയിപ്പിക്കും വിധം അനേകം വിജ്ഞാനങ്ങളെ വളരെ സ്വാഭാവികതയോടെ സമന്വയിപ്പിച്ച്, സംഗ്രഹിച്ച്, മനുഷ്യജീവിതവുമായി ബന്ധിപ്പിച്ച് സമർപ്പിക്കപ്പെട്ട ഈ ഖുർആൻ മനുഷ്യരുടെ അഖിലസാധ്യതകൾക്കും യോഗ്യതകൾക്കും അതീതമായ അത്യത്ഭുതഗ്രന്ഥം തന്നെ. അത് ആദ്യം മുഹമ്മദ് നബിയെ വിസ്മയിപ്പിച്ചു. പിന്നെ അദ്ദേഹത്തിന്റെ അനുചരന്മാരെ വിസ്മയിപ്പിച്ചു. തുടർന്ന് ലോകത്തെ തോൽപിച്ചു. അവസാനം മനുഷ്യസഞ്ചയത്തെ ഒന്നടങ്കം വിസ്മയിപ്പിച്ചു.

ഈ ഖുർആൻ അജയ്യനും പ്രതാപശാലിയുമായ ദൈവത്തിൽനിന്ന് അവതീർണമായതുതന്നെ; നിസ്സംശയം.

■